# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2015 — 19.06.2012-ൽ മറുപടിക്ക്.

## കഠിനംകുളം കായലിൽ ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കഠിനംകുളം കായലിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | പുതുതായി 22 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കഠിനംകുളം കായലിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണ് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന നിർദ്ദേശമായതിനാൽ ടി നിർദ്ദേശത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ നീക്കി ബോട്ട് സർവ്വീസ് അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ടി സർവ്വീസ് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ